**ഭരണഭാഷ – മാതൃഭാഷ**

WEBSITE: www.keralapsc.gov.in
E-MAIL: jsestt.psc@kerala.gov.in
Telephone :0471-2546250/224

# കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ

നമ്പർ : EST I (A) 1 /28/2019/KPSC

തിരുവനന്തപുരം
തീയതി : 30.12.2023

## ക്വട്ടേഷൻ നോട്ടീസ്
## NO. EST /14/2023

**കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ആസ്ഥാന ആഫീസിലെ കെട്ടിടങ്ങളിൽ സ്ഥാപിച്ചിട്ടുള്ള അഗ്നിശമന ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തി റീഫില്ല് ചെയ്ത് സ്ഥാപിക്കുന്നതിനായി മത്സരാടിസ്ഥാനത്തിൽ ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.**

**ഉപകരണങ്ങളുടെ വിവരങ്ങൾ**

| സീരിയൽ നമ്പർ | Type | Weight (kg/Ltr) | അനുബന്ധ വിവരങ്ങൾ |
|---|---|---|---|
| 1 | Multipurpose Dry Powder (Stored Pressure Type) | 5 kg | 32 എണ്ണം |
| 2 | Dry Chemical Powder Type ABC | 4 kg | 13 എണ്ണം |
| 3 | Dry Chemical Powder Type BC | 5 kg | 7 എണ്ണം |
| 4 | Mechanical Foam Type -AFFF Type | 9 Ltr | 6 എണ്ണം |
| 5 | Water Type Gas Catridge -Type A | 9 Ltr | 6 എണ്ണം |
| 6 | Dry Chemical Powder (Stored Pressure Type) | 4 kg | 4 എണ്ണം |
| 7 | Carbondioxide type | Medium | 1 എണ്ണം |

**നിബന്ധനകൾ** :-

**1)** ക്വട്ടേഷനുകൾ സീൽ ചെയ്ത കവറിൽ " **അഗ്നിശമന ഉപകരണങ്ങളുടെ മെയിന്റനൻസ്** " എന്ന **മേൽക്കുറിപ്പോടെ "സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, പട്ടം പാലസ് പി. ഒ., തിരുവനന്തപുരം-4"** എന്ന വിലാസത്തിൽ **20.01.2024 തീയതി 01.00pm മണിക്ക് മുൻപായി ലഭിച്ചിരിക്കേണ്ടതാണ്.** ക്വട്ടേഷനുകൾ **അന്നേ ദിവസം 03.00pm മണിക്ക്** ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടേയും ക്വട്ടേഷൻ നൽകിയവരുടേയും അല്ലെങ്കിൽ അവർ അധികാരപ്പെടുത്തുന്ന ആളുകൾ ഹാജരായാൽ അവരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതും

തുടർ നടപടികൾ സ്വീകരിക്കുന്നതുമാണ്.

**2)** ക്വട്ടേഷൻ അംഗീകരിച്ച് കഴിഞ്ഞാൽ **20 ദിവസത്തിനുള്ളിൽ** ടി ഉപകരണങ്ങൾ അറ്റകുറ്റപ്പണികൾ തീർത്ത് റീഫില്ല് ചെയ്ത് സ്ഥാപിക്കേണ്ടതാണ്. പ്രവർത്തി പൂർത്തിയായ ശേഷം ക്വട്ടേഷൻ തുക ട്രഷറി മുഖാന്തിരം മാറ്റി നൽകുന്നതായിരിക്കും.

**3)** ക്വാട്ട് ചെയ്യുന്ന തുക എല്ലാവിധ നികുതികളും ഉൾപ്പെടെ ആയിരിക്കണം.

**4)** ക്വട്ടേഷനിൽ മേൽ പരാമർശിച്ച ഉപകരണങ്ങളുടെ ഇനം തിരിച്ചുള്ള റേറ്റ് വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം.

**5) ഉപകരണങ്ങൾ സ്ഥാപിച്ചശേഷം 6 മാസത്തിനുള്ളിൽ ഏതെങ്കിലും തരത്തിലുള്ള ചോർച്ച, ഗുണമേൻമ, അളവ് എന്നിവയിൽ ഉണ്ടാകുന്ന തകരാറുകൾ എല്ലാം തന്നെ ക്വട്ടേഷൻ ഉറപ്പിക്കുന്ന ആളുടെ/ കമ്പനിയുടെ ഉത്തരവാദിത്വത്തിൽ ആയിരിക്കും.**

**6)** കാരണം കാണിക്കാതെ ക്വട്ടേഷനുകൾ സ്വീകരിക്കുന്നതിനും നിരസിക്കുന്നതിനു മുള്ള അധികാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയിൽ നിക്ഷിപ്തമാണ്.

**7) ക്വട്ടേഷനിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർക്ക് പ്രവൃത്തി ദിവസങ്ങളിൽ ആഫീസ് സമയത്ത് പട്ടം, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ആസ്ഥാന ഓഫീസിൽ നേരിട്ടെത്തി ഉപകരണങ്ങൾ പരിശോധിക്കാവുന്നതാണ്.**

**8) ക്വട്ടേഷനുകൾ സമർപ്പിക്കേണ്ട അവസാന തീയതിയായ 20.01.2024 ഏതെങ്കിലും കാരണത്താൽ അവധിയാകുന്ന പക്ഷം തൊട്ടടുത്ത പ്രവൃത്തി ദിവസം ഇതേ സമയം അവസാന തീയതീയായി കണക്കാക്കുന്നതായിരിക്കും.**

കൂടുതൽ വിവരങ്ങൾക്ക് **0471-2546250, 0471-2546224, 0471-2553623** എന്നീ നമ്പരുകളിൽ ബന്ധപ്പെടേണ്ടതാണ്.

**( ഒപ്പ് )**

**സാജു ജോർജ്ജ്**
**സെക്രട്ടറി**
**കേരള പബ്ലിക് സർവീസ് കമ്മീഷൻ**

പകർപ്പ് :-

1) പി.ആർ. യൂണിറ്റ്
2) എൻക്വയറി
3) നോട്ടീസ് ബോർഡ്
4) സാർജന്റ്
5) വെബ്സൈറ്റ്
6) സ്റ്റോക്ക് ഫയൽ